# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P3)472/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020
തീയ്യതി: 27/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: KSA TSR (P3)472/2023 തീയ്യതി: 27/04/2023

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2021 മുതൽ 26-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 27-03-2023 | 01-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-03-2023 | 01-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ഷൈനി കൃഷ്ണദാസ് അസി.ഓഡിറ്റ് ഓഫീസർ

സ്റ്റാൻലി പി എസ് അസി.ഓഡിറ്റ് ഓഫീസർ

സ്വാലിഹ് സി പി ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ആൻസി വില്ല്യംസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി റഹീമ വി.വി | സെക്രട്ടറി | 18-01-2021 | 04-08-2021 |
| ശ്രീ. ജാക്സൻ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2021 | 10-08-2021 |
| ശ്രീ. വിനീത് കെ.എം | സെക്രട്ടറി | 11-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി മേനോൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സിബി എ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 01-04-2021 | 24-10-2021 |
| ശ്രീ. വിനോദ് ഇ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 25-10-2021 | 31-03-2022 |
| ഡോ. വാസുദേവൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 01-04-2021 | 31-03-2022 |
| രജനി.എ | പട്ടികജാതിവികസന ഓഫീസർ ഗ്രേഡ്-1 | 01-04-2021 | 31-03-2022 |
| ആശ മാത്യൂ | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ഷിബില.ജെ | സി.ഡി.പി.ഒ(അഡീഷണൽ) | 01-04-2021 | 31-03-2022 |
| ജാസ്മിൻ സി.ജെ | ഡി.ഇ.ഒ | 01-04-2021 | 31-03-2022 |
| സിനോ ജേക്കബ് മാത്യൂ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 30-09-2021 |
| ശ്രീ. മനോജ് കെ.എസ് | വ്യവസായ വികസന ഓഫീസർ | 01-10-2021 | 08-03-2022 |
| ശ്രീ.ശ്രീജിത്ത് സി | വ്യവസായ വികസന ഓഫീസർ | 09-03-2022 | 31-03-2022 |
| ജയ ഒ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 01-04-2021 | 31-12-2021 |
| അശ്വിൻ പി വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 01-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-8-1 |
| 10 | Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-8-2 |
| 11 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-8-3 |
| 12 | ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-8-4 |
| 13 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല | 1-8-5 |
| 14 | ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ | 1-8-6 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-8-7 |
| 16 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-10 |
| 17 | ലൈഫ് പി എം എ വൈ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - രണ്ട് തവണ തുക അനുവദിച്ചു | 1-11 |
| 18 | കെ എം എസ് സി എൽ ന് തുക കൈമാറിയത് - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല. | 1-12 |
| 19 | സി എച്ച് സി പഴഞ്ഞി സോളാർ വത്കരണം - ഒന്നാം ഘട്ടം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-13 |
| 20 | മാർഗരേഖക്കു വിരുദ്ധമായി പ്രവൃത്തികളുടെ നിർവഹണം | 1-14 |
| 21 | ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പു വരുത്തിയിട്ടില്ല | 1-15 |
| 22 | പ്രൊജ.നം. 115/22 വെള്ളറക്കാട് വില്ലേജ് പരിസരം കുടിവെള്ളപദ്ധതി – PAC തുകയിൽ ക്ലിപ്തപ്പെടുത്താതെ കരാറുകാരന് ₹ 241395 - രൂപ അധികം നൽകി-- മറ്റു അപാകതകളും | 1-16 |
| 23 | പ്രൊജ.നം. 151/21-22 കോമൺ ഫെസിലിറ്റി സെന്റർ അധിക സൗകര്യം | 1-17 |

| | | |
|---|---|---|
| | ഏർപ്പെടുത്തൽ -കരാറുകാരന് ₹ 41042- അധികം നല്കി | |
| 24 | ASAP ഇന്റേൺഷിപ്പ് ട്രെയിനി നിയമനം--സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രൊജ.നം. 151/21-22 കോമൺ ഫെസിലിറ്റി സെന്റർ അധിക സൗകര്യം ഏർപ്പെടുത്തൽ -കരാറുകാരന് ₹ 41042- അധികം നല്കി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 17.2.2021, തീരുമാനം 1( 1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 375946516- | 375816169- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 25.03.2022 തീരുമാനം1 (2) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 395189695- | 352722389- |

ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I)ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

( Ii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

( Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.7.2022 | 25.5.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11682910 |
| വരവ് | 99253212 |
| ആകെ | 110936122 |
| ചെലവ് | 100435204 |
| നീക്കിയിരിപ്പ് | 10500918 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 23286482 | 21846885 | 1439597 |
| വികസനഫണ്ട്-എസ് സി പി | 20147845 | 17462311 | 2685534 |
| മെയിന്റനൻസ്-റോഡിതരം | 8995943 | 8795300 | 200643 |
| സെൻട്രൽ | 6999394 | 6989839 | 9555 |

| | | | |
|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 12099025 | 8776971 | 3322054 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിതുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 125 | 14,75,10,543 | 108 | 71374975 | 48.38% | 86.40% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.03.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8 വാർഷിക ധനകാര്യ പത്രിക പരിശോധന

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. (ഓഡിറ്റ് എൻക്വയറി നം.2/29.3.2023,4/30.3.2023)

### 1-8-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-8-2 Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 7656629 രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകകളുടെ വിവരം ലഭ്യമല്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-8-3 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8-4 ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

1. ആസ്തി രജിസ്റ്റർ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

2. ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന് റോഡ് ആസ്തികൾ ഇല്ല.എന്നാൽ 2021-22 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|
| 1 | 410300101 – Roads-Cement Concrete | 1500000 |
| 2 | 410300102 – Roads-Tarred | 6464715 |
| 3 | 410300103 – Roads-Metal | 665812 |
| 4 | 410300105 – Roads-Earthern | 436648 |

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ ബാലസ് ഷീറ്റിൽ ആസ്തിയായി രേഖപെടുത്തിയതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/30.3.2023)ക്രെഡിറ്റ് ഹെഡ് എന്റർ ചെയ്യപ്പോൾ തെറ്റായി രേഖപെടുത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത അപാകത 2022-23 വർഷത്തെ വാർഷിക കണക്കിൽ ക്രമീകരിക്കേണ്ടതാണ്.

## 1-8-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1181992 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4467845 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-6 ഡിപ്രിസിയേഷൻ കണക്കാക്കിയതിലെ അപാകങ്ങൾ

1. 31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം410800101 – Other Fixed Assets എന്ന ആസ്തികൾക്ക്.797,609 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 1,075,509 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 5 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2022 ലെ മൂല്യം |
|---|---|---|
| 1 | 410710199-movable Asset Others | 769,594 |
| 2 | 410600102-Electricity - Line Extension | 512,496 |
| 3 | 410710102 – Movable Assets - Vehicles | 799,111 |
| 4 | 410710103 – Movable Assets - Office Equipments & Other Equipments | 2,474,380 |
| 5 | 410710104 – Movable Assets - Furniture, Fixtures, Fittings & Electrical Appliances | 4,245,678 |

മേല്പറഞ്ഞ 5 ശീർഷകത്തിൽ ആസ്തി ആർജിച്ചിട്ടില്ലാത്തതിനിലാണ് ഡിപ്രിസിയേഷൻ കണക്കാതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. 2022-23 ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട എല്ലാ ആസ്തികൾക്കും ഡിപ്രിയിസേഷൻ കണക്കാക്കേണ്ടതാണ്.

## 1-8-7 ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 340100101 – Contractors' Earnest Money Deposit, 340200102 – Auction Deposit , 340800101 – Deposit Received From Others എന്നീ ഇനങ്ങളിലെ വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ RP 34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നം /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം/ വൗച്ചർ നം /തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 30/22<br>ജില്ലാ പഞ്ചായത്ത് പദ്ധതിയായ ക്യാൻ തൃശ്ശൂരിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 22100716/11.1.22 | 200000 | - |
| 2 | 33/22<br>ഐ കെ എം നുള്ള വിഹിതം നൽകൽ | ഐ കെ എം | 22100387/7.6.21 | 52834 | - |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് ( ഓഡിറ്റ് എൻക്വയറി -5/30.3.23).

## 1-11 ലൈഫ് പി എം എ വൈ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - രണ്ട് തവണ തുക അനുവദിച്ചു

പ്രോജക്റ്റ് നം - 55/22

അടങ്കൽ - 5212463 ( എസ് സി പി)

ആകെ ചെലവ് - 5203703

വൗച്ചർ നം – 22100398/3.8.21 – 500000

22100633/16.12.21 – 400000

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്. വിതരണ വിവരം താഴെ ചേർക്കുന്നു

കണ്ടാണശ്ശേരി -600000

കടങ്ങോട് - 1000000

പോർക്കുളം - 1090000

കാട്ടകാമ്പാൽ - 1329677

വേലൂർ - 744026

ചൂണ്ടൽ - 440000

മേൽ പ്രകാരം തുക കൈമാറിയതിന് ഗുണഭോക്താക്കളുടെ UTR സ്റ്റേറ്റ്മെന്റ് ഹാജരാക്കിയതിൽ കടങ്ങോട് ഗ്രാമപഞ്ചായത്തിലെ രണ്ട് ഗുണഭോക്താക്കളുടെ രണ്ട് UTRസ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. രണ്ട് സ്റ്റേറ്റ്മെന്റുകളിലും റിക്വസിഷൻ നം , അലോട്ട്മെന്റ് നം , ബിൽ നം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ഷിജി സന്തോഷ് , പെരുമ്പുള്ളി (

| | |
|---|---|
| റിക്വസിഷൻ നം-5072700902210018 / 2.8.21<br>അലോട്ട്മെന്റ് നം-66/3.8.21<br>ബിൽ നം - 65/3.8.21<br>തുക – 100000 | റിക്വസിഷൻ നം-5072700902210031 / 16.12.21<br>അലോട്ട്മെന്റ് നം-188/16.12.21<br>ബിൽ നം - 182/16.12.21<br>തുക – 100000<br>UTR- RBI3532108328149 |

2. സുബീഷ് കണ്ടുപറമ്പിൽ

| | |
|---|---|
| റിക്വസിഷൻ നം-50727009022100/2.8.21<br>അലോട്ട്മെന്റ് നം- 66/3.8.21<br>ബിൽ നം - 65/3.8.21<br>തുക – 100000<br>UTR | റിക്വസിഷൻ നം-5072700902210031 / 16.12.21<br>അലോട്ട്മെന്റ് നം-188/16.12.21<br>ബിൽ നം - 182/16.12.21<br>UTR- RBI353210838148<br>തുക – 100000 |

മേൽ പ്രകാരം തുക രണ്ട് തവണ അനുവദിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് മറുപടി ലഭ്യമാക്കുന്നതിന് എൻക്വയറി നൽകിയതിന് (7/31.3.23) നിർവ്വഹണ ഉദ്യോഗസ്ഥനായ വി ഇ ഒ യുടെ റിക്വസ്റ്റ് പ്രകാരമാണ് തുക അനുവദിച്ചത് എന്നും 4 ലക്ഷം രൂപയിൽ കൂടുതൽ തുക അനുവദിച്ചിട്ടില്ല എന്നും പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടുണ്ട് എന്നും പ്ലാൻ ഫണ്ടിന്റെ അപര്യാപ്തത മൂലവും ലോൺ സ്റ്റേറ്റ് ഷെയർ എന്നിവ യഥാസമയം ലഭ്യമാകാത്തതുമൂലവുമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വസ്റ്റ് പ്രകാരം തുക അനുവദിച്ചത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ എസ് സി പി ഫണ്ട് 567943 രൂപ( എസി ആർ പ്രകാരം) തൻവർഷം ചെലവഴിക്കാതെ ലാപ്സായി പോയിട്ടുണ്ട്. അർഹരായ മറ്റ് ഗുണഭോക്തക്കൾക്കായി വകയിരുത്തിരുന്ന തുകയാണ് ഇപ്രകാരം ഒരേ ഗുണഭോക്താവിന് തന്നെ രണ്ട് തവണ അനുവദിക്കുന്നത് എന്നതിനാൽ ആയത് ശരിയായ നടപടിയല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-12 കെ എം എസ് സി എൽ ന് തുക കൈമാറിയത് - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം/ചെക്ക് നം/വൗച്ചർ നം | അനുവദിച്ച തുക | നാളിതു വരെ മരുന്ന് ലഭിച്ചത് | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 19/22 | PRF 1722 | 22100425 | 1327939 | 1151553 | 176386 |

| | | | | | | |
|---|---|---|---|---|---|---|
| | ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ - ഡയാലിസിസ് രോഗികൾക്ക് | /17.8.21 | /6.9.21 | | | |
| 2 | 10/22 പെയിൻ ആന്റ് പാലിയേറ്റീവ് സെക്കന്ററി കെയർ | PRF 1727/17.8.21 | 22100423/6.9.21 | 146434 | 143045 | 3389 |
| | | PRF 6474/3.3.22 | 22100899/5.3.22 | 156121 | 142199 | 13922 |

മരുന്ന് മുഴവൻ ലഭ്യമാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി - 6/31.3.23)

## 1-13 സി എച്ച് സി പഴഞ്ഞി സോളാർ വത്കരണം - ഒന്നാം ഘട്ടം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം - 159/22

വൗച്ചർ നം 22100986/22.3.22 തുക 968000

പദ്ധതി പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ , പഴഞ്ഞി - ൽ 15kwp ശൃംഖല ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റ് ഏജൻസിയായ അനർട്ടിനാണ് തുക കൈമാറിയിരിക്കുന്നത്.

അനർട്ട് ലഭ്യമാക്കിയ 968000 രൂപയുടെ എസ്റ്റിമേറ്റ് 7.2.22 ലെ 2/4 തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയും 10.2.22 ന് സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. 21.3.22 സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് തുക ഡെപ്പോസിറ്റ് ചെയ്ത തിയതി മുതൽ 6മാസത്തിനുള്ളിലാണ്. എന്നാൽ പദ്ധതി പൂർത്തീകരിച്ച് ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ലഭ്യമാക്കുകയോ കമ്മീഷൻ ചെയ്യുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി - 6/31.3.23)സോളാർ പാനലുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്നും എന്നാൽ 15 K.watt ഉള്ള മീറ്റർ ബോർഡിലേക്ക് മാത്രമേ കണക്ഷൻ നൽകാൻ പറ്റുകയുള്ളൂ എന്നും നിലവിൽ മൂന്ന് മീറ്റർ ബോർഡുകളാണ് ഉള്ളത് മൂന്ന് മീറ്റർ ബോർഡുകളും കണക്റ്റ് ചെയ്ത് ഒറ്റ മീറ്റർ ബോർഡാക്കണമെന്നും കെ എസ് ഇ ബി നിർദ്ദേശിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് സോളാർ പാനലുകൾ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 മാർഗരേഖക്ക വിരുദ്ധമായി പ്രവൃത്തികളുടെ നിർവഹണം

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

സ.ഉ (കൈ) 11/2018 ത.സ്വ.ഭ.വ തി. 29-1-'18 ഖണ്ഡിക 3.5.6 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികൾ ₹ 5 ലക്ഷം രൂപയെങ്കിലും അടങ്കലുള്ളവയാകണം. താഴെ ചേർക്കുന്നതുപ്രാകാരമുള്ള പ്രവൃത്തികളുടെ അടങ്കൽ സർക്കാർ നിർദ്ദേശിച്ച നിശ്ചിത തുകയിലും കുറവാണ്.

| പ്രൊജക്ട്.നം./പ്രൊജക്ട്. പേര് വിവരം | അടങ്കൽ തുക (വി.ഫ.പൊ.വി) |
|---|---|
| 97/22 പാറക്കുളം പന്തല്ലൂർ റോഡ് | ₹ 75,000- |
| 133/22 പോർക്കുളം കോളനി ബൈലൈൻ | ₹ 1,25,000- |

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് പ്രവൃത്തി നിർവഹണം നടത്തുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8 തി. 31-3-23)

## 1-15 ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല/ ജി.എസ്.ടി അടവ് ഉറപ്പ് വരുത്തിയിട്ടില്ല

ജി.എസ്.ടി നിയമം 2017 വകുപ്പ് 31, ജി.എസ്.ടി ചട്ടങ്ങൾ 2017 ചട്ടം 31 എന്നിവ പ്രകാരം Issuance Of Invoice Or A Bill Of Supply For Every Supply Of Goods Or Services Or Both Is Mandatory. ബിൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ താഴെ ചേർക്കുന്നതുപ്രാകാരമുള്ള പ്രവൃത്തികൾക്ക് ജി.എസ്.ടി തുക ഉൾപ്പടെ ചെലവു തുക അനുവദിച്ചപ്പോൾ ഉത്ഭവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പട്ട കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ല. ഇൻവോയ്സിന്റെ അഭാവത്തിൽ ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

| പ്രൊജ.നം. | പ്രൊജ. പേരുവിരം | ജി.എസ്.ടി ഇനത്തിൽ അനുവദിച്ച തുക |
|---|---|---|
| 152/22 | CHC അറ്റകുറ്റപ്പണികൾ | ₹ 14454- |
| 97/22 | പാറക്കുളം പന്തല്ലൂർ റോഡ് | ₹ 8032- |
| 117/22 | അരുവായ് ചെറുകര കുടിവെള്ളപദ്ധതി | ₹ 5627- |
| 133/22 | പോർക്കുളം കോളനി ബൈലൈൻസ് | ₹ 13356- |

ജി.എസ്.ടി അടവ് വരുത്തിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12 തിയ്യതി 31-3-23)

## 1-16 പ്രൊജ.നം. 115/22 വെള്ളറക്കാട് വില്ലേജ് പരിസരം കുടിവെള്ളപദ്ധതി – PAC തുകയിൽ ക്ലിപ്തപ്പെടുത്താതെ കരാറുകാരന് ₹ 241395 - രൂപ അധികം നൽകി--മറ്റു അപാകതകളും

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : ₹ 5,00,000- (ധനകാര്യ കമ്മീഷൻഗ്രാന്റ് )

സാങ്കേതികാനുമതി - LSGD TS 21-22 /58982തി. 22-09-'21 ₹ 5,00,000-

കരാർ നം.- 23/AE CHNR/21-22 തി. 30-11-'21

കരാറുകാരൻ ശ്രീ. സിദ്ദീഖ് .എൻ

പി.എ.സി. തുക ₹ 2,05,245.46

വൗ. നം.22100788 തി.8-02-22 ₹ 1,80,059-

വൗ. നം. 22100917 തി.25-03-22 ₹ 2,91,211-

അളവുപുസ്തകം 57/20-21 ,112/20-21

ഓഡിറ്റ് എൻക്വയറി നം. 11തി. 31-3-'23

PAC തുകയിൽ ക്ലിപ്തപ്പെടുത്താതെ കരാറുകാരന് ₹ ₹ 241395 - അധികം നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം<br>1 | നൽകിയ തുക<br>2 | നൽകേണ്ടിയിരുന്ന തുക(PAC പ്രകാരം)<br>3 |
|---|---|---|
| പ്രവൃത്തിമൂല്യം | 4,20,777- | 2,05,245.46 |
| GST 12% | 50493- | 24,629.46 |
| ആകെ | 4,71,270- | 2,29,874.92<br>Limited To 2,29,875 |
| അധികംനൽകിയ തുക ( 2-3) | | ₹ 241395- |

| | |
|---|---|
| 4,71,270- 2,29,875 | |

മേൽപ്രകാരം കുടിവെള്ളപദ്ധതിയുടെ വൈദ്യുതീകരണത്തിന വേണ്ടി ₹ 248500- 'ലംപ്സം' പ്രൊവിഷൻ നല്കുകയും ആയത് ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനമതി നേടി നിർവഹിക്കാതെ ഇക്കാര്യത്തിലുള്ള സേവിങ്സ് തുക വിനിയോഗിച്ച് ഇനം 2.2 പ്രകാരം കരാർ ഷെഡ്യൂളിൽ ഉള്ള Od 1243253/21-22 ---- ' Providing& Fixing Joining Pipes.......... .63 Mm Dia 10 Kgf/cm2 എന്ന പ്രവൃത്തി എക്സ്ട്രാ ഇനം ആയി അധിക അളവിൽ ചെയ്യതാണ് കരാറുകാരന് മേൽപ്രകാരം PAC തുകയിൽ അധികം തുക നല്കുവാനായത്.

സാങ്കേതികാനമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനങ്ങളും ഇപ്പോൾ ചെയ്ത പ്രവൃത്തി ഇനങ്ങളുടെയും താരതമ്യം താഴെ ചേർക്കുന്നു.

| പ്രവൃത്തി ഇനം | ചെലവു തുക-സാങ്കേതികാനമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം | ചെലവു തുക-കരാറുകാരന് ഇപ്പോൾ അനുവദിച്ച തുക |
|---|---|---|
| 1. ബോർവെൽ | 112394.99 | 136550- |
| 2. പൈപ്പിടൽ | 53066.29 | 209312.86 |
| 3. പമ്പ് ഹൗസ് | 32100.30 | 19707.52 |
| 4. വൈദ്യുതീകരണം - LS | 248500- | --- |
| പൈപ്പിടൽ -- എക്സ്ട്രാ ഇനം | ---- | 55206.50 |
| GST 12% | 53527.39 | 50493- |
| ആകെ | 499588.97 | 420777.28 |

വെള്ളറക്കാട് വില്ലേജ് പരിസരം കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട് സിവിൽ പ്രവൃത്തികളോടൊപ്പം വൈദ്യുതീകരണമിനം-Lump Sum Provision- കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ സാങ്കേതികാനമതി നല്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും സാങ്കേതികാനമതി നൽകുന്നതും സംബന്ധിച്ച് ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ 26-3-21 ലെ ഡി.ബി. 1 /10690 /2020/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ലിയു നമ്പർ സർക്കുലറിന്റെ ഖണ്ഡിക നം. 10 പ്രകാരം എസ്റ്റിമേറ്റുകളിലെ Lump Sum വകയിരുത്തലുകൾക്ക് പ്രവൃത്തി ചെയ്യുന്നതിന മുമ്പായി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അാഗീകാരം വാങ്ങി നിയമാനസ്യതം പ്രവൃത്തി അവാർഡ് ചെയ്യേണ്ടതാണ്. കേരള പൊതുമരാമത്തു വകുപ്പ് മാനവൽ ഖണ്ഡിക 1601.1.2 Detailed Estimate-- പ്രകാരം ' Detailed Estimate As Per Appendix 1600 D Shall Be Submitted In Order To Accord TS For All Works. This Shall Be Prepared After Detailed Investigation Of The Site By The Concerned Authority Assisted By Subordinate Officers And On The Basis Of Detailed Designs & Speicfication For The Work' എന്ന് നിർദേശമുള്ളതുമാണ്. സ.ഉ.(ആർ.റ്റി) 2878/2015/ത.സ്വ.ഭ.വ തി.22-9-'15 പ്രകാരം വൈദ്യുതീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനമതി നൽകേണ്ടത് ഇലക്ട്രിക്കൽ എഞ്ചിനീയർമാർ ഉൾപ്പെട്ട പ്രത്യേക കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ എക്സിക്യൂട്ടിവ് എഞ്ചിനീയറാണ്. സിവിൽ പ്രവൃത്തികളുടെ ഇനങ്ങളോടൊപ്പം വൈദ്യുതീകരണത്തിന് - Lump Sum - ഉൾപ്പെട്ട എസ്റ്റിമേറ്റിനാണ് നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയർ സാങ്കേതികാനമതി നൽകിയിട്ടുള്ളതെന്നതിനാൽ വൈദ്യുതികരണ പ്രവർത്തികളുമായി ബന്ധപ്പെട്ട് ' ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ' തയ്യാറാക്കി മുമ്പ് സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ ആയതിന് എക്സിക്യൂട്ടിവ് എഞ്ചിനീയറിൽ നിന്നുള്ള സാങ്കേതികാനമതി ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.

കൂടാതെ കേരള പൊതുമരാമത്തു വകുപ്പ് മാനവൽ ഖണ്ഡിക 2111 Deviation & Extra Item പ്രകാരം ' The Engineers Under The Control Of The Work Shall Be Careful To Adhere To The Estimate As Far As Possible And Shall Not Carry Out Excess Quantity As A Matter Of Course എന്ന നിർദ്ദേശിക്കുന്നുമുണ്ട്.

കേരള പൊതുമരാമത്തു വകുപ്പ് മാനവൽ ഖണ്ഡിക 1601.1.2 ന വിധേയമായി ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഉചിതമായ അധികാരസ്ഥാനത്തു നിന്നും സാങ്കേതികാനമതി ലഭ്യമാക്കി Lump Sum വകയിരുത്തിയിരുന്ന വൈദ്യുതീകരണ പ്രവൃത്തി
നടപ്പാക്കേണ്ടിയിരിക്കേ ആയത് ഒഴിവാക്കി ഖണ്ഡിക 2111 ന വിരുദ്ധമായി ഈ തുകഅസ്സൽ എസ്റ്റിമേറ്റിൽ സിവിൽ പ്രവൃത്തികൾക്കു വേണ്ടി നിജപ്പെടുത്തിയിരുന്ന തുകയിലും അധികരിച്ച് Od 1243253/21-22 എന്നയിനം സിവിൽ

പ്രവൃത്തി അധിക അളവിൽ ചെയ്യുകയും PAC തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരനു തുക നല്കുകയുമുണ്ടായ സാഹചര്യത്തിൽ ₹ 471270- ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു.

1-17 പ്രൊജ.നം. 151/21-22 കോമൺ ഫെസിലിറ്റി സെന്റർ അധിക സൗകര്യം ഏർപ്പെടുത്തൽ -കരാറുകാരന് ₹ 41042- അധികം നല്കി

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 4,95,000- (വി.ഫണ്ട് പൊ.വി )

സാങ്കേതികാനുമതി - LSGD TS 21-22/5331 തി. 31-1-'22 ₹ 4,95,000-

കരാർ നം.-തി. 40/AE CHNR/21-22 തി. 18-2-'22

കരാറുകാരൻ ബിനേഷ് എ.ബി

പി.എ.സി. തുക ₹ 4,41,420.42

വൗ.നം. 22100978തി.21-3-'22 ₹ 4,91,922-

അളവുപുസ്തകം - 114/20-21

ഓഡിറ്റ് എൻക്വയറി നം. 11 തി. 31-03-'23

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 142.935 ച.മീ. ഗ്രൗട്ടിങ് നടത്തി ( Spec. Code 11.48.2 ) ഇനം 1

പ്രകാരം 142.935 ച.മീ. ടൈലിടേണ്ടതായിരുന്നു ( Spec. Code 11.41.2 )
അളവുപുസ്തകം പേജ് നം. 6,7 --ഇനം 2 പ്രകാരം 128.94ച.മീ. മാത്രമാണ് ഗ്രൗട്ടിങ് നടത്തി, അളവുപുസ്തകം പേജ് നം. 1 മുതൽ 5 ഉൾപ്പടെ --- ഇനം 1 പ്രകാരം 155.04 ച.മീ. ടൈൽ വിരിച്ചിട്ടുള്ളതായാണ് നിലവിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളുള്ളത്.

ഇനം 2 പ്രകാരമുള്ള ടൈലിങ് പ്രവൃത്തിയിൽ ഗ്രൗട്ടിങ് ഉൾപ്പടുന്നതിനാൽ ഇനം 1 പ്രകാരം വീണ്ടും ഗ്രൗട്ടിങ് നടത്തേണ്ടതില്ല. ഇക്കാര്യത്തിൽ ചെലവഴിച്ച ₹41042.12 (128.94 @ 284.2 + GST 12%) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

1-18 ASAP ഇന്റേൺഷിപ്പ് ട്രെയിനി നിയമനം--സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ

ഓഡിറ്റ് എൻക്വയറി നം. 11 തി. 31-3-'23

സ.ഉ. (സാധ) 2933/19 ത.സ്വ.ഭ.വ തി. 23-12-'19 പ്രകാരം എഞ്ചിനീയറിങ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യവികസനം എഞ്ചിനീയറിങ് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സേവനങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തുക എന്നിവ സംബന്ധിച്ച് ഉത്തരവായി.

എഞ്ചിനീയറിങ് വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പ് ആണ് നൽകുക. ഇന്റേൺഷിപ്പ് ആവശ്യമുള്ളവരും ഇന്റേൺഷിപ്പ് ട്രെയിനികളെ ആവശ്യമുള്ളവരും ASAP ൽ റജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ASAP നല്കുന്ന ലിസ്റ്റ് അനുസരിച്ച് ട്രെയിനികളെ നിയമിക്കേണ്ടത് ചീഫ് എഞ്ചിനീയറാണ്.

ഓഡിറ്റ് കാലയളവിൽ ഇന്റേൺഷിപ്പ് ട്രെയിനിയായി നിയമിതനായത് ശ്രീ. സന്ദീപ് പി.എസ്,പെരിങ്ങണ്ടൂക്കാരൻ വീട്, വിയ്യൂർ എന്ന എഞ്ചിനീയറിങ് ബിരുദധാരിയായിരുന്നു. എക്സി. എഞ്ചിനീയർ,തൃശ്ശൂർ മുഖേന ASAP ൽ നിന്ന് ലിസ്റ്റ് വാങ്ങി അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നേരിട്ട് നിയമിക്കുകയാണുണ്ടായത്.

ASAP നല്കുന്ന ലിസ്റ്റ് അനുസരിച്ച് ചീഫ് എഞ്ചിനീയർ മുഖേന ട്രെയിനിയെ നിയമിക്കാത്തതു സംബന്ധിച്ച് കത്ത് നം. ഇ 14 എ 2 13442/19 സി.ഇ എൽ.എസ്.ജി.ഡി തി. 19-3-'22 പ്രകാരം ചീഫ് എഞ്ചിനീയർ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. ASAP ഇന്റേൺഷിപ്പ് ട്രെയിനി നിയമനം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രൊജ.നം. 151/21-22 കോമൺ ഫെസിലിറ്റി സെന്റർ അധിക സൗകര്യം ഏർപ്പെടുത്തൽ -കരാറുകാരന് ₹ 41042- അധികം നല്കി

നി.ഉദ്യോഗസ്ഥൻ ; അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 4,95,000- (വി.ഫണ്ട് പൊ.വി )

സാങ്കേതികാനുമതി - LSGD TS 21-22/5331 തി. 31-1-'22 ₹ 4,95,000-

കരാർ നം.-തി. 40/AE CHNR/21-22 തി. 18-2-'22

കരാറുകാരൻ ബിനേഷ് എ.ബി

പി.എ.സി. തുക ₹ 4,41,420.42

വൗ.നം. 22100978തി.21-3-'22 ₹ 4,91,922-

അളവുപുസ്തകം - 114/20-21

ഓഡിറ്റ് എൻക്വയറി നം. 11 തി. 31-03-'23

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇനം 2 പ്രകാരം 142.935 ച.മീ. ഗ്രൗട്ടിങ് നടത്തി ( Spec. Code 11.48.2 ) ഇനം 1

പ്രകാരം 142.935 ച.മീ. ടൈലിടേണ്ടതായിരുന്നു ( Spec. Code 11.41.2 )
അളവുപുസ്തകം പേജ് നം. 6,7 --ഇനം 2 പ്രകാരം 128.94ച.മീ. മാത്രമാണ് ഗ്രൗട്ടിങ് നടത്തി, അളവുപുസ്തകം പേജ് നം. 1 മുതൽ 5 ഉൾപ്പടെ --- ഇനം 1 പ്രകാരം 155.04 ച.മീ. ടൈൽ വിരിച്ചിട്ടുള്ളതായാണ് നിലവിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളുള്ളത്.

ഇനം 2 പ്രകാരമുള്ള ടൈലിങ് പ്രവൃത്തിയിൽ ഗ്രൗട്ടിങ് ഉൾപ്പടുന്നതിനാൽ ഇനം 1 പ്രകാരം വീണ്ടും ഗ്രൗട്ടിങ് നടത്തേണ്ടതില്ല. ഇക്കാര്യത്തിൽ ചെലവഴിച്ച ₹41042.12 (128.94 @ 284.2 + GST 12%) ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിൻറെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചൂണ്ടൽ | 2021-22 | 70000 | പ്രൊ 28/21 ഗ്രാമപഞ്ചായത്ത് വിഹിതം | 70000 | 0 |
| വേലൂർ | 2021-22 | 140000 | | 140000 | 0 |
| പോർക്കുളം | 2021-22 | 70000 | | 70000 | 0 |
| ആകെ | | 280000 | | 280000 | |
| | | | | | |
| തൃശ്ശൂർ കോർപ്പറേഷൻ | 2021-22 | 3412060 | പ്രൊജക്റ്റ് 84/22 അയ്യപ്പൻകുളം നവീകരണം | 3412060 | 0 |
| ആകെ തുക | | 3692060 | | 3692060 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 ലോക്കൽ ഓഡിറ്റ് | 3-16 | H/A 3604-00-911-(99)-ROP Being Excess Amount Paid To Prasida A.V 14167/- | നാസർ.കെ.എച്ച് സെക്രട്ടറി, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | KL0135962042022122M Dtd 13/10/20-21 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 03-03 | 2002-03 | | കണ്ടിജൻറ് ബില്ലുകളുടെ അഭാവം | റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് |
| 2003-04 | 3-4 (A,B) 3-8 | 2003-04 | | കണ്ടിജൻറ് ബില്ലുകളുടെ അഭാവം | റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് |

## 4-8 ചാർജ്ജ് സർചാർജ്ജ്

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99253212/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100435204/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,042/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,71,270/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 41,042/- | ശ്രീ.അശ്വിൻ പി.വിജയൻ, അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,71,270/- | ശ്രീ.അശ്വിൻ പി.വിജയൻ, അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും മേൽ വിലാസവും | ഇപ്പോഴത്തെ മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അശ്വിൻ പി.വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | ബ്ലോക്ക് നമ്പർ 4,ഫ്ലാറ്റ് നമ്പർ 28, ഗ്രീൻവാലി, കെ.എസ്.എച്ച്.ബി. കോളനി, പുല്ലഴി (PO),തൃശ്ശൂർ,680012 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്ക്സ് (CAR/CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1998-99 | LFT21-2683/06 Dt. 23.05.07/14.11.07 | 1 | 3-6(A,B) | |
| 2 | 1999-2000 | LFT21-2684/06 Dt. 22.06.07/13.2.08 | 2 | 3-2, 3-12 | |
| 3 | 2000-01 | LFT21-2685/06 Dt. 24.05.07/13.02.08 | 7 | 3-2, 3-4(B), 3-5, 3-7, 3-8, 3-13, 3-15 | |
| 4 | 2001-02 | LFT21-2318/07 Dt. 02.08.08/15.10.08 | 1 | 3-2(A,B) | |
| 5 | 2002-03 | LFT21-2317/07 Dt. 02.08.08/15.10.08 | 3 | 3-1, 3-3, 3-4 | 3-3 CAR |
| 6 | 2003-04 | LFT21-2316/07 Dt. 02.08.08/15.10.08 | 3 | 3-4(A,B), 3-7, 3-8 | 3-4(A,B) - CAR<br>3-8 - CAR |

| | | | | | |
|---|---|---|---|---|---|
| 7 | 2004-05 | LFT21-811/09 Dt. 02.07.10/14.01.11 | 3 | 3-7, 3-8, 3-9 | |
| 8 | 2005-06 | LFT21-812/09 Dt. 20.07.10/14.01.11 | 5 | 3-3, 3-4, 3-6, 3-7, 3-8 | |
| 9 | 2006-07 | LFT21-813/09 Dt. 20.07.10/14.01.11 | 4 | 3-9, 3-15, 3-16, 3-17 | |
| 10 | 2007-08 To 2010-11 | LFT(BP)-1875/12 Dt. 02.02.13/13.05.13 | 15 | 3-1, 3-2, 3-3(1-10, 12), 3-4, 3-6(2), 3-8(1,7), 3-11, 3-12(2), 3-16, 3-17, 3-18, 3-19, 3-20, 3-22(ABC), 3-24 | |
| 11 | 2011-12 | LFT(BP)-2102/13 Dt. 08.04.14/08.07.14 | 3 | 3-7, 3-9(A-1), 3-9(B-1,2,3) | |
| 12 | 2012-13 | LFT(BP)-1288/14 Dt. 10.11.14/11.2.15 | 5 | 2-1, 2-2, 3-4, 3-5, 3-7 | |
| 13 | 2013-14 | KSATSR(BP)-1182/15 Dt. 15.10.15/08.12.15 | 6 | 3-2, 3-3(7,8), 3-4, 3-5, 3-7, 3-1(3,4) | |
| 14 | 2014-15 & 2015-16 | KSATSR(BP1)-622/17 Dt. 31.05.17 | 5 | 3-1-1, 3-1-2(1,2,3,4,5), 3-2, 3-2-1, 3-2-3, 5,6, 3-3(1 To 5), 3-7, 3-11 | |
| 15 | 2016-17 | KSATSR(BP1)-1705/17 Dt. 27.11.17/31.01.18 | 5 | 3-1, 3-4, 3-7, 3-11, 3-15(1-3) | |
| 16 | 2017-18 | KSATSR(BP1)-1960/18 Dt. 07.02.19/26.03.19 | 7 | 3-2(1), 3-9, 3-10(2-4), 3-13(1,2,4,5), 3-14, 3-15, 3-16 | |
| 17 | 2018-19 | KSATSR(BP1)-1032/19 DT:30.08.19/10.12.2019 | 21 | 1-9,1-10,2-1,2-2,3-1,3-2,3-3(1,2,3)3-5-3-6,3-7,3-8,3-9, 3-10,3-11,3-12(1-3),3-13,3-15,3-17,3-18,3-19,3-20 | |
| 18 | 2019-20 | KSATSR(P5)354/2022 DT:20.04.2022 | 14 | 1-9-1,1-9-2,1-9-3,1-9-4-1-9-5,1-9-6,1-12, 1-13,1-14,1-15,1-16,1-17,1-19,1-22 | |
| 19 | 2020-21 | KSATSR(P5)355/2022 DT:20.04.2022 | 24 | 1-9-1,1-9-2,1-9-3,1-9-4-1-9-5,1-9-6,1-9-7, 1-9-8,1-12,1-13,1-14,1-15,1-16, 1-18,1-21,1-22(1,4),1-24,1-26,1-28,1-29,1-30,1-31,1-32,1-33 | |
| | ആകെ | | 134 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്